പത്രപ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ

109 (1044) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പത്രപ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങളിൽ എത്ര കേസെടുത്തിട്ടുണ്ട് ;

(ബി) ഇതിൽ പ്രതി സ്ഥാനത്തുള്ള പോലീസുകാരെത്ര ; രാഷ്ട്രീയക്കാരെത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 62 കേസ്സുകൾ.

(ബി) ഒരു പോലീസ് ഉദ്യോഗസ്ഥനും 113 രാഷ്ട്രീയപ്രവർത്തകരും.

പോലീസുകാരൻ വ്യാജമദ്യം കഴിച്ച് മരിച്ച സംഭവം

110 (1045) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കമ്പംമേട് പോലീസ് സ്റ്റേഷനിൽ ഒരു പോലീസുകാരൻ വ്യാജമദ്യം, കഴിച്ച് മരിക്കുകയും മൂന്ന് പോലീസുകാർ ചികിത്സയിലാവുകയും ചെയ്ത സംഭവത്തെപ്പറ്റിയുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത സംഭവം അന്വേഷിച്ചത് ഏത് ഏജൻസിയാണ് ;

(സി) അന്വേഷണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരായിരുന്നു ;

(ഡി) പ്രസ്തുത സംഭവത്തെക്കുറിച്ച് കോടതിയിൽ ചാർജ്ഷീറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് കോടതിയിലാണ് ;

(ഇ) ഈ ദുരന്തം എങ്ങനെ ഉണ്ടായെന്നാണ് അന്വേഷണത്തിൽ വെളിവായത് ;

(എഫ്) ഈ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ജി) മദ്യം കഴിച്ച പോലീസുകാർ ഡ്യൂട്ടിയിലുണ്ടായിരുന്നുവോ ; ഡ്യൂട്ടിയിലായിരുന്ന പോലീസുകാർ എവിടെ നിന്നാണ് മദ്യം കഴിച്ചതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേസന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോക്കൽ പോലീസ്.

(സി) കമ്പംമേട് എസ്. ഐ.

(ഡി) ഇല്ല.

(ഇ) കമ്പംമേട് പോലീസ് സ്റ്റേഷനിൽ 47/97 എന്ന കേസിൽ ലക്ഷ്യത്തിലേയ്ക്ക് ബന്തവസ്സിൽ എടുത്ത് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന വിഷക്കുപ്പിയിൽ പി. എസ്. യു 1234 സാബു. പി. ചാണ്ടി യാദൃശ്ചികമായി മദ്യം പകർന്ന സ്റ്റേഷനിൽ ഉണ്ടായിരുന്ന എ. എസ്. ഐ. സത്യവാസനും, എച്ച്. സി. യു. 704 ചാക്കോയും പി.സി.യു 1207 സുബൈറും കൂടി കഴിച്ചതിൽ വച്ച് ടി മദ്യത്തിൽ കലർന്ന വിഷത്തിന്റെ കാഠിന്യത്താൽ ചികിത്സയിലിരിക്കെ ടി സാബു പി. ചാണ്ടി മരണപ്പെട്ടു പോകുന്നതിനും, മറ്റ് മൂന്ന് പേർക്കും ഗുരുതരമായ വിഷാംശം ബാധിച്ച് ചികിത്സയിൽ കഴിയുന്നതിനും ഇടയായിട്ടുള്ളതാണ്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്. ഐ. ആയി പ്രൊമോഷൻ ലഭിച്ച സത്യവാസനെ എ. എസ്. ഐ. ആയും, എച്ച്. സി. ആയിരുന്ന ചാക്കോയെ പി. സി. ആയും പി. സി. സുബൈറിനെ ജില്ലയിലെ ജൂനിയർ ലോക്കൽ പി. സി. ആയും തരം താഴ്ത്തിയിട്ടുള്ളതാണ്.

(ജി) ഔദ്യോഗിക ഡ്യൂട്ടിയിലായിരുന്നപ്പോൾ കമ്പംമേട് പോലീസ് സ്റ്റേഷനിൽ വെച്ചാണ് ടി പോലീസ് ഉദ്യോഗസ്ഥർ മദ്യം കഴിച്ചതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

അനധികൃത ഫയറിംഗ് പരിശീലനം

111 (1046) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുക്കുന്നിമല ഫയറിംഗ് പരിശീലന കേന്ദ്രത്തിൽ അനധികൃതമായി ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരോ അവരുടെ ഭാര്യമാരോ ഫയറിംഗ് പരിശീലനം നടത്തിയതായി വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രവാർത്തയിൽ റിപ്പോർട്ട് ചെയ്തിരുന്ന വിധത്തിലുള്ള അനധികൃതമായ ഫയറിംഗ് പരിശീലനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 'ബി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly